**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗോതമ്പ് വിഹിതം വെട്ടിക്കുറച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഏതെല്ലാം വിഭാഗത്തിലുള്ള കാർഡ് ഉടമകളെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമപ്രകാരം മുൻഗണനേതര വിഭാഗത്തിന് അനുവദിച്ചു കൊണ്ടിരുന്ന ടൈഡ് ഓവർ വിഹിതം ഗോതമ്പ് (2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള കാലത്തേക്ക്) കുറവു ചെയ്ത് പകരം ടൈഡ് ഓവർ അരി കൂട്ടുതലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ 2022 മെയ് മുതൽ ഗോതമ്പ് പൂർണ്ണമായി കുറവു ചെയ്ത് പകരം അരി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ലക്ഷം കാർഡ് ഉടമകൾക്ക് ഇനി മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി ഭക്ഷ്യക്ഷാമത്തിനും വിലക്കയറ്റത്തിനും കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നിർത്തലാക്കിയ ഗോതമ്പ് വിഹിതത്തിന് പകരമായി അരി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പൊതു വിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പു വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിരിക്കുകയാണ്.നിർത്തലാക്കിയ ഗോതമ്പിനു പകരം അരി ലഭ്യമാക്കുമെന്നതിനാൽ ഭക്ഷ്യക്ഷാമമുണ്ടാകാൻ ഇടയില്ലെങ്കിലും ഗോതമ്പിന്റെയും ഗോതമ്പ് ഉത്പന്നങ്ങളുടെയും വില വർദ്ധനവിന് ഇത് കാരണമായേക്കും. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ലക്ഷം കാർഡുടമകൾക്ക് ഇനി മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നു. |

| | | | |
|---|---|---|---|
| | | | ജീവിതശൈലീ രോഗങ്ങൾ കാരണം ഗോതമ്പിനെ ഭക്ഷണത്തിനായി ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട് എന്നത് ഒരു വസ്തുതയാണ്.<br><br>നിർത്തലാക്കിയ ടൈഡ് ഓവർ വിഹിതം ഗോതമ്പ് അടിയന്തിരമായി പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 2022 മെയ് 20ന് ബഹു. കേന്ദ്ര ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ